പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.124

13.06.2014-ന് മറുപടിക്ക്

## നഗരജീവിതം സുഗമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ. എം. ഷാജി | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) മെട്രോ നഗരങ്ങളുൾപ്പെടെയുള്ള നഗരങ്ങളിലെ ജനജീവിതം സുഗമമാക്കുന്നതിന് വിവിധ വകുപ്പുകൾ നടപ്പാക്കേണ്ട പദ്ധതികളുടെയും പ്രവൃത്തികളുടെയും ഏകോപനത്തിനും കൃത്യമായ മോണിറ്ററിംഗിനും നഗരകാര്യ വകുപ്പ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>ബി) ഏകോപന സംവിധാനം പ്രവർത്തിക്കാത്തുമൂലം നഗരവാസികൾ നേരിടുന്ന മാലിന്യ നിർമ്മാർജ്ജനം, വെള്ളപ്പൊക്കം, ഗതാഗത പ്രശ്നങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ എന്നിവയ്ക്കായി വിവിധ വകുപ്പുകൾ നിരവധി പദ്ധതികൾ പരസ്പര സഹകരണമില്ലാതെ നടപ്പാക്കുന്നുണ്ടെങ്കിലും ജനങ്ങൾക്ക് അവ പ്രയോജനപ്രദമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു ഏകോപിത സംവിധാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | എ യും ബി യും സി യും<br><br>കെ.എസ്.യു.ഡി.പി. മുഖേന നടത്തി വരുന്ന ജെ.എൻ.എൻ.യു.ആർ.എം, യു.ഐ.ഡി.എസ്.എസ്.എം.ടി. എന്നീ പദ്ധതികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും നിർവ്വഹണത്തിനിടയിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, നടപടികൾ ത്വരിതപ്പെടുത്തുന്നത് ലക്ഷ്യമാക്കിയും സംസ്ഥാനതലത്തിൽ നഗരകാര്യ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി വൈസ് ചെയർമാനായ ഈ കമ്മിറ്റിയിൽ പ്രധാനപ്പെട്ട എല്ലാ വകുപ്പുകളുടേയും പ്രതിനിധികൾ അംഗങ്ങളാണ്. ഈ കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്.<br><br>കൂടാതെ, വികേന്ദ്രീകൃത ആസൂത്രണവുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും പ്രധാനപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി എല്ലാ ആഴ്ചയിലും യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായ വൻകിട പദ്ധതികൾ നടപ്പിലാക്കുമ്പോൾ, തുടർച്ചയായി അവലോകനങ്ങൾ വകുപ്പധ്യക്ഷൻമാർ നടത്തുകയും മന്ത്രിതലത്തിൽ പൊതുവായ ഏകോപനം നടത്തിവരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ